3. അതുകൊണ്ട് ഒരു നാളികേരത്തിന്റെ ചെലവ് = 6.08 രൂപ (37614 ÷ 6188)

4. ഒരു ക്വിന്റൽ കൊപ്രയുണ്ടാക്കുന്നതിനുള്ള 685 നാളികേരത്തിന്റെ വില = 4165 രൂപ

5. ഒരു ക്വിന്റൽ കൊപ്രയുണ്ടാക്കുന്നതിനുള്ള ചെലവ് = 454 രൂപ

6. ആകെ 4619 രൂപ

7. ഒരു ക്വിന്റൽ മില്ലിംഗ് കൊപ്രയ്ക്ക് കേന്ദ്രത്തോട് ആവശ്യപ്പെട്ട തുക = 4600 രൂപ. ഇതിന്റെ അടിസ്ഥാനത്തിലാണ് താങ്ങുവില നിർണ്ണയിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളത്.

(ഡി & ഇ) ഇതിന്റെ പ്രയോജനം കർഷകർക്ക് പൂർണ്ണമായി ലഭിക്കുവാൻ കൊപ്രയുടെ താങ്ങു വിലയുമായി ബന്ധപ്പെടുത്തിയ നിലയ്ക്ക് നാഫെഡ് കർഷകരിൽ നിന്നും നാളികേരം സംഭരിക്കുന്നു. ഇതിനുള്ള പദ്ധതികൾ നടപ്പാക്കി വരുന്നു.

സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ

18 (*226) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ സർവ്വീസ് പെൻഷൻകാരുടെ ക്ഷേമം മുൻനിർത്തി എന്തെങ്കിലും പുതിയ പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ സർവ്വീസ് പെൻഷൻകാരുടെ കുടുംബക്ഷേമ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത കുടുംബക്ഷേമ പദ്ധതി എപ്രകാരം സംസ്ഥാനത്ത് നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത കുടുംബക്ഷേമ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതോടെ സർവ്വീസ് പെൻഷൻകാർക്ക് കൈവരുന്ന നേട്ടങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സർവ്വീസ് പെൻഷൻകാർക്കുള്ള കുടുംബക്ഷേമ പദ്ധതി എന്നു മുതൽ സംസ്ഥാനത്ത് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ജി) സർവീസ് പെൻഷൻകാർക്കുള്ള കുടുംബക്ഷേമ പദ്ധതിയുടെ നടത്തിപ്പിന് എന്തു തുക അധികമായി ചെലവഴിക്കേണ്ടി വരുമെന്നു കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) കുടുംബക്ഷേമ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് പെൻഷൻകാരുടെ സംഘടനാ പ്രതിനിധികളുടെ അഭിപ്രായം എന്തെന്ന് ആരാഞ്ഞിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി പെൻഷൻകാർ സ്വാഗതം ചെയ്യുന്നുണ്ടോ എന്ന് അറിയിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. പെൻഷൻകാർക്ക് കുടുംബക്ഷേമ പദ്ധതി ഏർപ്പെടുത്താൻ ഉദ്ദേശമുണ്ട്. പെൻഷനറിൽ നിന്നും പ്രതിമാസം 40 രൂപ വീതം സ്വരൂപിക്കുകയും അംഗമായി ചേർന്ന് ഒരു വർഷത്തിനു ശേഷം പെൻഷനർ മരിച്ചാൽ കുടുംബത്തിന് 25,000 രൂപ ധനസഹായമായി കൊടുക്കുകയും ചെയ്യുന്നു. തമിഴ്നാട്ടിൽ ഇപ്പോൾ നിലവിലുള്ള പദ്ധതി ഇവിടെയും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) പെൻഷൻകാരിൽ നിന്നും പ്രതിമാസം നിശ്ചിത തുക വരിസംഖ്യ സ്വീകരിക്കുകയും പെൻഷനർ മരിച്ചാൽ അവകാശിക്ക് /നോമിനിക്ക് 25,000 രൂപ ധനസഹായം നൽകുകയും ചെയ്യാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിട്ടുള്ളത്.

(ഇ) പെൻഷൻകാരുടെ കുടുംബത്തിന് കാൽ ലക്ഷം രൂപയുടെ ധനസഹായം ലഭിക്കുമെന്നതിലൂടെ കുടുംബത്തിന് സുരക്ഷിത ബോധം വർദ്ധിക്കും.

(എഫ്) 1-4-2001 മുതൽ

(ജി) സ്വയം പര്യാപ്തമായ പദ്ധതിയായിട്ടാണ് വിഭാവന ചെയ്തിട്ടുള്ളത്. അതിനാൽ അധിക ചെലവ് വരികയില്ല.

(എച്ച്) പെൻഷൻകാർക്ക് ക്ഷേമനിധി എന്ന ആവശ്യം ദീർഘകാലമായി പെൻഷൻകാരുടെ സംഘടനകൾ ഉന്നയിക്കുന്നതും വിവിധ തലങ്ങളിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതുമാണ്. ഇപ്പോൾ ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതി ഭൂരിപക്ഷം പെൻഷൻകാരും പൊതുവേ സ്വാഗതം ചെയ്യുമെന്നാണ് സർക്കാർ കരുതുന്നത്.

കർഷകർക്കുള്ള പ്രോത്സാഹനം

19 (*227) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly